നം. 20/2017/SRG/CC

# സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം

# 24.05.2017രാവിലെ 11.30 മണിക്ക്

## സ്ഥലം – നിയമസഭാ കോംപ്ലക്സ് ഹാൾ നം. 610

**അജണ്ട**

1. **കോട്ടയ്ക്കൽ മുനിസിപ്പൽ ചെയർമാന്റെ 10.05.2017 ലെ PO-13189/14-ാം നമ്പർ കത്ത്.**

2014-15 വർഷത്തിൽ ഭവനശ്രീ പദ്ധതി പ്രകാരം 160 ഭവനരഹിതർക്ക് വീടുവെച്ച് നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. ഇതിനാവശ്യമായ ഫണ്ട് ഹഡ്കോയിൽ നിന്നും ലോണെടുക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. ഇതിന് സർക്കാർ അനുമതി ലഭിക്കാൻ വൈകി. പല ഗുണഭോക്താക്കളും സ്വന്തമായി പണം ഉപയോഗിച്ച് വീടു പണി തുടങ്ങി വിവിധ ഘട്ടങ്ങളിലാണ്. ഇവർ പണി നടത്തിയ സ്റ്റേജ് അനുസരിച്ച് തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

2. **ബഹു. ഇരിങ്ങാലക്കുട എം.എൽ.എയുടെ 04.05.17- ലെ കത്തും പൂമംഗലം ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 02.05.17 ലെ കത്തും 31.03.17 ലെ 1 (1)-ാം നമ്പർ ഭരണസമിതി തീരുമാനവും.**

2016-17 വാർഷിക പദ്ധതിയിൽ പാടശേഖരങ്ങൾക്ക് വെർട്ടിക്കൽ ആക്സിസ് മോട്ടോർ പമ്പ് സ്ഥാപിക്കുന്നതിന് (5 എണ്ണം) ലഭിച്ച ടെണ്ടറുകൾ എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതലാണ്. ടെണ്ടർ തുക

31.03.17 ൽ കൂടിയ ഭരണസമിതി അംഗീകരിച്ചു. അധിക ടെണ്ടർ തുകയ്ക്ക് അംഗീകാരം നൽകി പ്രോജക്ടു നടത്തിപ്പിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ടെണ്ടർ നടപടി ആരംഭിച്ചത് 25.03.2017 നാണ്. ലോകബാങ്കിന്റെ പ്രവർത്തികളെല്ലാം 31.03.17 നു മുമ്പ് എഗ്രിമെന്റ് വയ്ക്കേണ്ടതുള്ളതിനാലാണ് അധിക ടെണ്ടറിന് അംഗീകാരം നൽകിയത്.

3 **ചെറുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.05.2017-ലെA1-2179/17-ാം നമ്പർ കത്തും 05.05.2017- ലെ 2(1)-ാം നമ്പർ തീരുമാനവും.**

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിലെ 19 വാർഡിലും ടാങ്കറിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. 01.04.2017 മുതൽ 31.05.2017 വരെ കുടിവെള്ള വിതരണത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക 10.00 ലക്ഷം രൂപയാണെന്ന് സർക്കാർ ഉത്തരവുണ്ട്. ഈ തുക അപര്യാപ്തമായതിനാൽ തുകയുടെ പരിധി മതിയായ രീതിയിൽ വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു.

4 **കുമളിഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.05.2017 ലെ A-4183/17-ാം നമ്പർ കത്ത്.**

2016-17 വർഷത്തെ റ്റി.എസ്.പി. വിഹിതം 39,95,922 രൂപയാണ്. സ്പിൽ ഓവർ പ്രോജക്ടുകളും കൂടി ചേർത്ത് ആകെ 51,91,726/-രൂപ ട്രഷറിയിൽ നിന്നും റ്റി.എസ്.പി പ്രോജ്ടുകൾക്ക് വേണ്ടി പിൻവലിച്ചു. അധികമായി പിൻവലിച്ചത്

11,95,804/- രൂപ. അധിക തുക പിൻവലിച്ചത് ക്രമപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

5 **<u>കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 31.03.2017 ലെA6-926/2014/17-ാം നമ്പർ കത്തും 22.03.17 ലെ 4(23)-ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

2016-17 ൽ കേരള വാട്ടർ അതോറിറ്റിയുടെ ഡിപ്പോസിറ്റ് വർക്കുകളുടെ ടെണ്ടർ സേവിംഗ്സും വിവിധ കാരണങ്ങളാൽ നടപ്പാക്കാൻ കഴിയാത്ത പ്രോജക്ടുകളുടെ തുകയും ഉപയോഗിച്ച് മറ്റു കുടിവെള്ള പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

6 **<u>കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.0.2017 ലെ B5-136/ 2017-ാം നമ്പർ കത്തുകൾ (2 എണ്ണം)</u>**

പട്ടികജാതി വിഭാഗത്തിൽ നിന്നും പട്ടികവർഗ്ഗവിഭാഗത്തിലേക്ക് മാറ്റപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക്, ജനസംഖ്യാനുപാതികമായി ബഡ്ജറ്റ് വിഹിതം പുനക്രമീകരിക്കുന്നതുവരെ, പ്രത്യേക ഘടകപദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ്ഗകാർക്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം ജനകീയാസൂത്രണ പദ്ധതിയനുസരിച്ചുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് 18.05.2013 ലെ 1321/2013/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം ആനുകൂല്യം നൽകുവാൻ സാധിക്കുമോ എന്ന് സ്പഷ്ടീകരണം നൽകുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

7 **വയനാട് ജില്ലാ കളക്ടറുടെ 09.05.2017 868/16/ജി.എ്.സ/ഡി.പി.ഒ/ വയനാട് നമ്പർ കത്ത്.**

താഴെപ്പറയുന്ന വിഷയങ്ങൾ കോർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

**i)** ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഹൈസ്കൂളുകളോട് ചേർന്നുള്ള എൽ.പി, യു.പി. സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**ii)** ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹാജർ നില ഉറപ്പു വരുത്തുന്നതിന് എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് ജില്ലാ പഞ്ചായത്ത് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**iii)** എയ്ഡഡ് സ്കൂളിലെ കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകുന്നതിന് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**iv)** എ.ബി.സി. പ്രോഗ്രാം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ സുലേഖ സോഫ്റ്റ് വെയറിൽ ഇത്തരം പ്രോജക്ടുകൾ തയ്യാറാക്കി വെറ്റിംഗ് നടത്താനും ക്രമീകരണം നടത്താനും ആവശ്യപ്പെട്ടിരിക്കുന്നു.

**V)** ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകുന്ന പ്രോജക്ടുകൾ ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാം എന്ന് വ്യക്തത വരുത്തണം.

8 **പൊന്നാനി മുനിസിപ്പൽ ചെയർമാന്റെ 11.04.2017 ലെ PMC/5/2017-ാം നമ്പർ കത്ത്**

അംഗീകൃത മത്സ്യതൊഴിലാളികൾക്കും കുടുംബങ്ങൾക്കും നൽകുന്ന ആനുകൂല്യങ്ങൾക്ക് പട്ടിക വർഗ്ഗവിഭാഗത്തിനു തുല്യമായ മാനദണ്ഡങ്ങൾ പാലിക്കണമെന്നും ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് മത്സ്യബന്ധനവകുപ്പ് നൽകുന്ന ലിസ്റ്റിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥന്മാരെ നിശ്ചയിക്കണമെന്നും 18.01.17- ലെ 134/2017/തസ്വഭവ നമ്പറായി ഉത്തരവായിട്ടുണ്ട്. ഇത് ജനകീയാസൂത്രണ മാർഗ്ഗരേഖയുടെ ഭാഗമാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

9 **പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 22.04.2017 ലെP6/118//17-ാം നമ്പർ കത്തും 12.04.17 ലെ 6-ാം നമ്പർ ഭരണസമിതി തീരുമാനവും.**

ജില്ലയിലെ എല്ലാ സർക്കാർ സ്കൂളിലേയും പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകുന്ന പ്രോജക്ടുകൾ 2017 – 18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

10 **ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ 30.03.2017 ലെ കത്ത്.**

പുതിയ ആസൂത്രണമാർഗ്ഗരേഖ പ്രകാരം 50,000/- രൂപയിൽ അധികമുള്ള നിർമ്മാണ പ്രോജക്ടുകൾ ഇ-ടെണ്ടർ ചെയ്യണം. ഈ കാരണത്താൽ നിരവധി

പ്രോജക്ടുകൾ നടപ്പിലാക്കാതെ കിടക്കുകയാണെന്നും അതിനാൽ 10.00 ലക്ഷം രൂപയിൽ താഴെയുള്ളവ ഗുണഭോക്തൃസമിതിയെകൊണ്ടു ചെയ്യിപ്പിക്കുവാൻ അനുമതി വേണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

11 **<u>കൊല്ലം ജില്ലാ കളക്ടറുടെ 19.05.2017 ലെ 66/17/DPC/DPO/KLM നമ്പർ കത്തും പട്ടാഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.05.2017 ലെ കത്തും 08.05.2017 ലെ 1-ാം നമ്പർ പഞ്ചായത്ത് ഭരണസമിതിതീരുമാനവും.</u>**

2017-18 വർഷം 1,33,45,000/- രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ പട്ടാഴി പഞ്ചായത്തിനു ലഭിച്ചിട്ടുണ്ട്.ഈതുക റോഡ് മെയിന്റനൻസിനു കൂടതലാണ്. അതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് റോഡുകളുടെ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവയ്ക്കു കൂടി ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

12 **<u>കൊടുവായൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.05.2017-ലെ A5-4053/2017-ാം നമ്പർ കത്തും 12.05.2017-ലെ 2-ാം നമ്പർ ഭരണസമിതി തീരുമാനവും ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയറുടെ 06.05.17 ലെ AE/LSGD/KDR/General/2016-17-ാം നമ്പർ കത്തും.</u>**

2016-17 വാർഷിക പദ്ധതിയിലെ മാലിന്യം നീക്കം ചെയ്യൽ എന്ന പ്രോജക്ട് (നം. 223/17 തുക 7.00 ലക്ഷം രൂപ) നടപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയായ അസി. എഞ്ചിനീയർ തയ്യാറാകുന്നില്ല എന്നു അറിയിച്ചിരിക്കുന്നു.

വേസ്റ്റ് യാർഡിലെ മാലിന്യം നീക്കം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇത് നടപ്പാക്കാൻ നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

13 **<u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.05.17, 22.05.17 എന്നീ തീയതികളിലെ കത്തും 08.05.17 ലെ X(2)-ാം നമ്പർ ഭരണസമിതി തീരുമാനവും.</u>**

കുട്ടനാട് മേഖലയിൽ നെൽകൃഷി, വാഴകൃഷി, തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് നേരിട്ടുനടപ്പാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും മാർഗ്ഗരേഖയനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പാക്കണമെന്ന് 10.05.17 ലെ കോർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നു. ഇത് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.